ജനങ്ങളുടെ നിരന്തരമായ നിവേദനത്തിന്റെ ഫലമായി 1984-ൽ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ തൃശ്ശൂരിൽ പ്രവർത്തനം ആരംഭിച്ചു. ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം നിറുത്തിവയ്ക്കാൻ പോകുന്നുവെന്ന് അടുത്തദിവസം പത്ര വാർത്തയുണ്ടായിരുന്നു. മോട്ടോർ അപകടങ്ങൾ വളരെയേറെ വർദ്ധിച്ചിരിക്കുന്ന ഈ സമയത്ത് അപകടങ്ങളിൽപെട്ട് മരിച്ചവരുടെ ആശ്രിതർക്കും അംഗഭംഗം വന്നവർക്കും ആശ്വാസം നൽകുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിറുത്തിയാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. തൃശ്ശൂർ ബാർ അസോസിയേഷൻ നടത്തിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ ലൈൻസിൽ തക്കതായ സ്ഥലം ഉണ്ടാക്കുന്നതിന് നടപടികൾ കൈക്കൊള്ളണം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഈ ആഫീസ് ഇപ്പോൾ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടുതൽ സൗകര്യപ്രദമായ മറ്റൊരു വാടക കെട്ടിടത്തിലേക്ക് ഈ ആഫീസ് മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. കെട്ടിട ഉടമ പി.ഡബ്ലിയു.ഡി. റേറിനേക്കാൾ ഉയർന്ന വാടക ആവശ്യപ്പെടുന്നതുകൊണ്ടാണ് ഇക്കാര്യത്തിൽ കാലതാമസം വരുന്നത്. ഈ വാടക നിശ്ചയിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ട്രൈബ്യൂണലിന്റെ ഓഫീസ് തൃശ്ശൂർ സിവിൽ സ്റ്റേഷനിലാക്കാൻ കഴിയുമോ എന്ന കാര്യവും പരിഗണിക്കും.

26. കാനം ഗവൺമെന്റ് എസ്.വി.എൽ.പി. എസ്. ന്റെ പുതിയ കെട്ടിടത്തിന്റെ പണി

ശ്രീ. കാനം രാജേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപെട്ട കാനം ഗവൺമെന്റ് എസ് വി:എൽ.പി.എസ്. ന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച് 3 വർഷമായി. അതിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. നാട്ടുകാർ നിർമ്മിച്ചുകൊടുത്ത ഒരു താൽക്കാലിക ഷെഡ്ഡിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. പി.ഡബ്ലിയു.ഡി. യിൽ നിന്നും നോട്ടീസ് കൊടുക്കുകയും എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ നേരിട്ടു കോൺട്രാക്ടറെ കണ്ട് സംസാരിക്കുകയും ചെയ്തിട്ടും കഴിഞ്ഞ 6 മാസക്കാലമായി കോൺട്രാക്ടർ ആ വഴിക്ക് വരികയോ പണി നടത്തുകയോ ചെയ്തിട്ടില്ല. ആ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഈ എൽ.പി. എസ്. ഒരു ലക്ഷത്തിഇരുപത്തി മൂന്നായിരത്തി അറുന്നൂറ്റി അൻപത്തിമൂന്ന് രൂപയുടെ വർക്കുള്ളതാണ്. ഒരു ബില്ല് കോൺട്രാക്ടർക്ക് കൊടുത്തിട്ടുണ്ട്. 1984-നു ശേഷം കോൺട്രാക്ടർ അങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല എന്നുള്ളത് സത്യമാണ്. കഴിഞ്ഞ 19-7-1986-ൽ അവസാനമായി കോൺട്രാക്ടർക്ക് നോട്ടീസ് നൽകിയിരിക്കുകയാണ്. അതിന്റെ പരിധി കഴിഞ്ഞാൽ മറ്റു നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly